LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

248 (596) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിവർഷം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിന് ചെലവഴിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടൊപ്പം ഒരു സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളെയും കൂടി ഉൾപ്പെടുത്തി സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ധനവകുപ്പിൽ ലഭ്യമായ വിശദാംശങ്ങൾ പ്രകാരം 43 കോടിയോളം രൂപ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ പ്രതിവർഷം ചെലവഴിക്കുന്നുണ്ട്.

(ബി&സി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ രൂപീകരിച്ച പത്താം ശമ്പള കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ജീവനക്കാർക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നതിന്റെ സാധ്യതാ പരിശോധനയും ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

മുദ്രപത്രങ്ങളുടെ ലഭ്യത കുറവ്

249 (597) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്ക് മലബാർ പ്രദേശത്ത് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം മുദ്രപത്രങ്ങളുടെ ലഭ്യത കുറവുമൂലം വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ദൂരീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;